ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിസ്വാർഥ സേവനം എന്ന ആശയം യുവതയിൽ ഊട്ടിയുറപ്പിക്കാൻ സ്കൗട്ട്സ് & ഗൈഡ്സ് പോലുള്ള സംഘടനകൾക്ക് സാധിച്ചതായി രാഷ്ട്രപതി ദ്രൗപതി മുർമു.
**President Draupadi Murmu said that organizations like Scouts & Guides have been able to instill the idea of selfless service in the youth.**
2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ., മാൽദീവ്സ് സന്ദർശനത്തിന് നാളെ തുടക്കം.
**Prime Minister Narendra Modi's visit to the UK and Maldives begins tomorrow.**
3. അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന് വിട ചൊല്ലി തലസ്ഥാനം. ജനസാഗരത്തിൻറെ അന്തിമോപചാരം ഏറ്റുവാങ്ങി വിലാപയാത്ര ആലപ്പുഴയിലേക്ക് പുറപ്പെട്ടു. സംസ്കാരം നാളെ.
**The capital city bids farewell to the late former Chief Minister of Kerala V.S. Achuthanandan. The funeral procession left for Alappuzha after receiving the last respects from lakhs of people. The funeral will be held tomorrow.**
4. വർഷകാല സമ്മേളനത്തിൻറെ രണ്ടാം ദിനം, പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
**On the second day of the monsoon session, both the houses of Parliament adjourned for the day following opposition protests.**
5. ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം പുരോഗമിക്കുന്നു.

**The third and final match of the India-England women's ODI cricket series is in progress.**

✡✡✡✡✡✡✡✡✡✡✡✡✡✡

## REV. PREZ - SCOUTS AWARD (INTRO)

രാജ്യത്തിനായി ജീവൻ സമർപ്പിക്കുക എന്നതാണ് ജീവിക്കാനുള്ള ഏറ്റവും മികച്ച മാർഗമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 52-ാമത് രാഷ്ട്രപതി സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പുരസ്കാരം രാഷ്ട്രപതി ഭവനിൽ വിതരണം ചെയ്യുകയായിരുന്നു ശ്രീമതി മുർമു. ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് പോലുള്ള സംഘടനകൾ നിസ്വാർഥ സേവനം, ദേശസ്നേഹം തുടങ്ങിയ ആദർശങ്ങൾ യുവതയിൽ ഊട്ടിയുറപ്പിക്കുന്നതായി ശ്രീമതി മുർമു അഭിപ്രായപ്പെട്ടു. സംഘടനയിലെ പെൺകുട്ടികളുടെയും സ്ത്രീകളുടെയും ഉയർന്ന പ്രാതിനിധ്യത്തെയും രാഷ്ട്രപതി പ്രകീർത്തിച്ചു.

(VOICE)

✡✡✡✡✡✡✡✡✡✡✡✡✡✡

## PM-DHANKHAR

ഉപരാഷ്ട്രപതി പദത്തിൽ നിന്നും രാജി വച്ച ജഗദീപ് ധൻകർക്ക് മെച്ചപ്പെട്ട ആരോഗ്യം നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഇന്നലെയായിരുന്നു ശ്രീ.ധൻകർ രാജിവച്ചത്. രാജി രാഷ്ട്രപതി അംഗീകരിച്ചു. ഉപരാഷ്ട്രപതി പദം ഉൾപ്പെടെ രാജ്യത്തെ സേവിക്കാൻ അദ്ദേഹത്തിന് വിവിധ അവസരങ്ങൾ ലഭിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## V S ACHUTHANANDAN 1

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട ചൊല്ലി തലസ്ഥാന നഗരി. ആലപ്പുഴയിലേക്കുള്ള വിലാപയാത്ര ദേശീയ പാതയിലൂടെ മുന്നോട്ട് നീങ്ങുകയാണ്. പ്രിയനേതാവിന് അന്ത്യാഭിവാദ്യം അർപ്പിക്കാനായി ജനസാഗരമാണ് വഴിയരികിൽ കാത്തു നിൽക്കുന്നത്. വിലാപയാത്ര രാത്രിയോടെ ആലപ്പുഴയിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി  തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്

**(Voice)**

വിലാപയാത്ര കടന്നുപോകുന്ന വഴികളുടെ വശങ്ങളിൽ പാർക്കിങ് അനുവദിക്കില്ലെന്നും ഗതാഗത തിരക്ക് ഉണ്ടായാൽ വാഹനങ്ങൾ വഴി തിരിച്ചു വിടുമെന്നും പൊലീസ് അറിയിച്ചിട്ടുണ്ട്. 2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന വി.എസിന്റെ ജനസമ്മതിയുടെ പ്രതിഫലനമാണ് വിലാപയാത്രയിലുടനീളം കാണാനാവുന്നത്. വിശ്രമമില്ലാത്ത പോരാട്ട ജീവിതത്തിലൂടെ കേരളത്തിൻറെ രാഷ്ട്രീയരംഗത്ത് സമാനതകളില്ലാത്ത അടയാളങ്ങൾ ബാക്കിയാക്കിയാണ് വി.എസ് യാത്രയാകുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡

## V S ACHUTHANANDAN 2

കേരളം കണ്ട ജനകീയ മുഖ്യമന്ത്രിമാരിൽ ഒരാളായ വിഎസിൻറെ സംസ്കാരം നാളെ ആലപ്പുഴ വലിയ ചുടുകാട്ടിൽ നടക്കും. വൈകിട്ട് 4 മണിക്ക് ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. നാളെ രാവിലെ ആലപ്പുഴ സിപിഐഎം ജില്ലാ കമ്മിറ്റി ഓഫീസിലും തുടർന്ന് ടൗൺ ഹാളിലും ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ മൈതാനത്തും പൊതുദർശനമുണ്ടാകും.

✡✡✡✡✡✡✡✡✡✡✡✡✡

## V S ACHUTHANANDAN 3

വി.എസിനോടുള്ള ആദരസൂചകമായി ആലപ്പുഴ ജില്ലയിലെ സർക്കാർ ഓഫീസുകൾക്കും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. കേരള സർവകലാശാല നാളെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചു. പി.എസ്.സിയും നാളത്തെ പരീക്ഷകൾ മാറ്റിയിട്ടുണ്ട്. അഭിമുഖങ്ങൾക്ക് മാറ്റമില്ല. പുതുക്കിയ പരീക്ഷാ തീയതികൾ പിന്നീട് അറിയിക്കും.

✡✡✡✡✡✡✡✡✡✡✡✡✡

## FINAL PAR - ADJOURN

ഓപ്പറേഷൻ സിന്ദൂർ, ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം അടക്കമുള്ള വിഷയങ്ങളിൽ ചർച്ച ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഉച്ചയ്ക്ക് രണ്ടിന് ലോക്സഭാ വീണ്ടും സമ്മേളിച്ചപ്പോൾ മുദ്രാവാക്യങ്ങളുമായി പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധിക്കുകയായിരുന്നു. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ ഒരുക്കമാണെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചുവെങ്കിലും പ്രതിഷേധം തുടരുകയായിരുന്നു. രാജ്യസഭ ഇന്ന് സമ്മേളിച്ച ഉടൻ തന്നെ ബിഹാറിലെ വോട്ടർ പട്ടിക പുതുക്കൽ വിഷയത്തിൽ ചർച്ച വേണമെന്ന ആവശ്യം പ്രതിപക്ഷം ഉന്നയിക്കുകയായിരുന്നു. കോൺഗ്രസ്,DMK, RJD, സമാജ്‌വാദി പാർട്ടി എംപിമാർ മുദ്രാവാക്യം വിളികളുമായി പ്രതിഷേധിച്ചു. ചോദ്യോത്തരവേള നടത്താനുള്ള പ്രിസൈഡിങ് ഓഫിസറുടെ ശ്രമവും വിജയിച്ചില്ല. ഉച്ചക്ക് ശേഷം സഭ  വീണ്ടും സമ്മേളിച്ചപ്പോഴും ബഹളം തുടർന്നതിനാൽ രാജ്യസഭയും  ഇന്നത്തേക്ക് പിരിയുകയായിരുന്നു.

## LS CENSUS

2027ലെ സെൻസെസിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ മാസം 16ന് ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറത്തിറക്കിയിരുന്നതായും ഈ മാസം മൂന്ന്- നാല് തീയതികളിലായി രണ്ട് ദിവസത്തെ സമ്മേളനം സംഘടിപ്പിച്ചിരുന്നതായും കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

## PM - UK MALDIVES VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ., മാൽദീവ്സ് സന്ദർശനത്തിന് നാളെ തുടക്കം. യു കെ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്റി പറഞ്ഞു. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകളും നേതാക്കൾക്കിടയിൽ നടക്കും. ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

**(ഹോൾഡ് വോയിസ്)**

രണ്ട് ദിവസത്തെ യുകെ പര്യടനം പൂർത്തിയാക്കി ഈ മാസം 25 നാണ് ശ്രീ മോദി മാൽദീവ്സിലെത്തുക. മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസുവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

✡✡✡✡✡✡✡✡✡✡✡✡✡

## SC -PREZ REFERENCE

ബില്ലുകളിൽ തീരുമാനമെടുക്കുന്നതിന് രാഷ്ട്രപതിക്കും ഗവർണർമാർക്കും സമയപരിധി നിശ്ചയിക്കുന്ന വിഷയത്തിൽ സുപ്രീം കോടതി കേന്ദ്ര സർക്കാരിനും എല്ലാ സംസ്ഥാന സർക്കാരുകൾക്കും നോട്ടീസ് അയച്ചു. ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രപതി ദ്രൗപദി മുർമു സുപ്രീം കോടതിക്ക് പ്രസിഡന്റ്ഷ്യൽ റഫറൻസ് നൽകിയിരുന്നു. തമിഴ്നാട് സർക്കാർ അംഗീകരിച്ച 10 ബില്ലുകൾ ഗവർണർ അംഗീകരിക്കാത്തത് നിയമ വിരുദ്ധമാണെന്ന് നേരത്തെ സുപ്രീം കോടതി വിധിച്ചിരുന്നു. ഇതിൻറെ പശ്ചാത്തലത്തിലാണ് രാഷ്ട്രപതി സുപ്രീം കോടതിയോട് അഭിപ്രായം ആരാഞ്ഞത്.

✡✡✡✡✡✡✡✡✡✡✡✡✡

## RAJNATH - APACHE HELICOPTERS

കരസേനയ്ക്ക് ലഭ്യമാകുന്ന ആദ്യ ബാച്ച് അപ്പാച്ചെ ഹെലികോപ്റ്ററുകൾ ഇന്ത്യയുടെ പ്രതിരോധ ശേഷിയെ ശാക്തീകരിക്കുന്ന സുപ്രധാന ചുവടുവയ്പ്പെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ദുർഘട ഭൂപ്രകൃതിയിൽ അടക്കം സേനയുടെ വ്യോമ പ്രതികരണ ശേഷി ഉയർത്താൻ ഈ ഹെലികോപ്റ്ററുകൾ സഹായിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സായുധസേനകളെ ആധുനികീകരിക്കുന്നതിനുള്ള സർക്കാറിൻറെ പ്രതിജ്ഞാബദ്ധതയാണ് ഇത് തെളിയിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡

## WOMEN CRICKET

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇംഗ്ലണ്ടിൽ പുരോഗമിക്കുന്നു. പരമ്പരയിൽ ഓരോ മത്സരം വീതം ജയിച്ച് സമനിലയിലാണ് ഇരു ടീമുകളും. ഒടുവിൽ

റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 30 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 149 റൺ എടുത്തിട്ടുണ്ട്.

☼☼☼☼☼☼☼☼☼☼☼☼☼

## CRICKET

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ മാഞ്ചസ്റ്ററിൽ ആരംഭിക്കും. ഓൾഡ് ട്രാഫോർഡിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

☼☼☼☼☼☼☼☼☼☼☼☼☼

## RAIN

കേരളത്തിൽ ശക്തമായ മഴക്ക് സാധ്യത. 9 ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. എട്ട് ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രതയാണ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ വെള്ളിയാഴ്ച മുതൽ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

☼☼☼☼☼☼☼☼☼☼☼☼☼

## MEA MOS - LESOTHO VISIT

വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റ ലിസൂട്ടു രാജാവ് ലെറ്റ്സീയ മൂന്നാമനുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ചയായി.

☼☼☼☼☼☼☼☼☼☼☼☼☼

## VOTERS LIST KERALA

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക സംസ്ഥാനത്ത് നാളെ പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30ന് പ്രസിദ്ധീകരിക്കുമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

എ.ഷാജഹാൻ അറിയിച്ചു. ആഗസ്റ്റ് 7 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും.

✡✡✡✡✡✡✡✡✡✡✡✡✡

## KARKKADAKA VAVU

കർക്കടകവാവ് ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് അന്തിമ ഘട്ടത്തിൽ. മറ്റന്നാൾ പുലർച്ചെ 2.30 മുതൽ പിറ്റേന്ന് പുലർച്ചെ 12.42 വരെയാണ് ബലിതർപ്പണ ചടങ്ങുകൾ. തിരുവല്ലം, വർക്കല, തിരുമുല്ലവാരം, ചേലാമറ്റം, കാലടി , ആലുവ മണപ്പുറം തുടങ്ങി പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ തയ്യാറെടുപ്പുകൾ ഏതാണ്ട് പൂർത്തിയായി ക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ ബലിതർപ്പണ കേന്ദ്രങ്ങളിലും വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡

## BOLIVIAN PREZ-INDIA

മൂന്ന് ലക്ഷം മീസിൽസ് – റുബെല്ല വാക്സിനുകൾ സംഭാവന നൽകിയതിന് ഇന്ത്യയ്ക്ക് നന്ദി അറിയിച്ച് ബൊളീവിയ. രാജ്യത്ത് ആരോഗ്യ അടിയന്തരാവസ്ഥ വർദ്ധിച്ചുവരുന്ന സമയത്ത് നൽകിയ സമയബന്ധിതമായ പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നതായി ബൊളീവിയൻ പ്രസിഡൻറ് അറിയിച്ചു. ഒന്ന് മുതൽ 14 വയസു വരെയുള്ള കുട്ടികൾക്കുള്ള വാകിസിനേഷൻ യജ്ഞത്തിന് ഇത് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡
✡✡✡✡✡✡
✡✡✡